# റൺ ആൻഡ് റിമംബർ - ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ കൂട്ടയോട്ടം സംഘടിപ്പിച്ചു




രാജ്യത്ത് ഓരോ വർഷവും കൃത്യ നിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന പോലീസ് സേനാംഗങ്ങളുടെ സ്മരണ പുതുക്കുന്ന പോലീസ് സ്മൃതി ദിനം ആചരിക്കുന്നതിനോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഭാഗമായി ആലുവയിൽ ഇന്ന് (23.10.2019) കൂട്ടയോട്ടം “റൺ ആൻഡ് റിമംബർ” സംഘടിപ്പിച്ചു.

അതിരാവിലെ എഴുന്നേറ്റ് ഓടുന്നത് ശരീരത്തിനെ മൊത്തത്തിൽ ഉൻമേഷമുള്ളതാക്കാൻ സഹായിക്കുന്നു. ഓടുമ്പോൾ ശരീരത്തിലെ മിക്ക മസിലുകളും പ്രവർത്തിക്കുന്നു. ഹൃദയാരോഗ്യത്തിനും, മെച്ചപ്പെട്ട ഉറക്കം ലഭിക്കാനും, സ്ട്രെസ് കുറയ്ക്കാനും അതുവഴി ശാരീരികവും, മാനസികവുമായ ആരോഗ്യത്തിന് ഓട്ടം സഹായിക്കുന്നു. ഇത്തരത്തിൽ മാനസികവും, ശാരീരികവുമായ കരുത്തുള്ള വ്യക്തികളെയും സമൂഹത്തെയും സൃഷ്ടിക്കുകയും, ഓട്ടത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് സാമൂഹ്യ അവബോധം വളർത്തുകയും ഒപ്പം ഭാരതത്തിന്റെ ഐക്യവും, അഖണ്ഡതയും, ക്രമസമാധാനപാലനവും കാത്തുസൂക്ഷിക്കുന്നതിൽ സ്തുത്യർഹമായ പങ്കു വഹിച്ച്, മണ്മറഞ്ഞ സേനാംഗങ്ങളോടുള്ള ആദരവും,

കൂറും ആത്മാർത്ഥതയും പ്രകടിപ്പിച്ച്, അവരെ സ്മരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് റൺ ആൻറ് റിമംബർ എന്ന പേരിൽ കൂട്ടയോട്ടം സംഘടിപ്പിച്ചത്.

ആലുവായിലുള്ള ജില്ലാ ക്രൈംബ്രാഞ്ച് ഓഫീസ് പരിസരത്തുനിന്ന് ഇന്ന് രാവിലെ 07.30 മണിക്ക് ആരംഭിച്ച കൂട്ടയോട്ടം, സുപ്രസിദ്ധ സിനിമാതാരങ്ങളായ ജോജു.ജോർജ്, പേളി.മാണി എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS കൂട്ടഓട്ടം മുന്നിൽനിന്ന് നയിച്ചു. പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിച്ച കൂട്ടയോട്ടം വൻ വിജയമായിരുന്നു. ജില്ലാ ക്രൈംബ്രാഞ്ച് ഓഫീസ് പരിസരത്തുനിന്ന് ആരംഭിച്ച കൂട്ടയോട്ടം ജില്ലാ പോലീസ് ഓഫീസ് - കാരോത്തുകുഴി - മാർക്കറ്റ് - ബാങ്ക് ജെംഗ്ഷൻ - പമ്പ് ജെംഗ്ഷൻ - വഴി തിരികെ ജില്ലാ ക്രൈംബ്രാഞ്ച് ഓഫീസ് പരിസരത്ത് സമാപിച്ചു.